(എഫ്) സാമ്പത്തിക ക്രമക്കേട് കാട്ടിയാൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതുണ്ടോ; ഇദ്ദേഹത്തെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) 20,190 രൂപയുടെ തിരിമറി നടത്തിയതായി പെൻഷൻ ബോർഡ് സെക്രട്ടറി പരാതിപ്പെട്ടിട്ടുണ്ട്. പരാതി 6-11-1999 ലാണ് പെൻഷൻ ബോർഡ് സെക്രട്ടറി, രജിസ്ട്രാർക്ക് നൽകിയത്. പരാതിയെ സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തി വരുന്നു.

(ഇ) പരാതിയിൻമേൽ നടപടി സ്വീകരിക്കാൻ കാലതാമസം വന്നിട്ടില്ല.

(എഫ്) സാമ്പത്തിക ക്രമക്കേട് കാട്ടിയതായി പ്രഥമദൃഷ്ട്യാ തെളിവുണ്ടെങ്കിൽ സസ്പെന്റ് ചെയ്യാവുന്നതാണ്. ശ്രീ. എ. ശ്രീകുമാറിനെ സാമ്പത്തിക ക്രമക്കേടിന് സസ്പെന്റ് ചെയ്തിട്ടില്ല. എന്നാൽ പെൻഷൻ ബോർഡ് സെക്രട്ടറിയോട് അപമര്യാദയായി പെരുമാറി എന്ന പരാതിയുടെ പേരിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്.

പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ പണം

122 (2700) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ പണം ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിൽ നിന്നും പിൻവലിക്കുന്നതിനും അടയ്ക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സെക്യൂരിറ്റി സംവിധാനങ്ങളെക്കുറിച്ചും തുകയുടെ വലിപ്പത്തിനനുസരിച്ച് പണം കൊണ്ടു പോകുന്ന ആളിന്റെ പദവിയെ സംബന്ധിച്ചും സഹകരണ രജിസ്റ്റാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ബാധകമാണോ ;

(സി) പ്രസ്തുത സംഘങ്ങൾക്ക് ദൈനംദിന പ്രവർത്തനങ്ങൾക്ക് ഇത്തരം പണമിടപാട് നടത്തുന്നതുസംബന്ധിച്ച് ഒരു പൊതുമാനദണ്ഡം ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ പണാപകരണവും ധനദുർവിനിയോഗവും നടക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ബാധകമല്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly